## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 3019

13.07.2015-ൽ മറുപടിക്ക്

### കാസർഗോഡ് എൽ.ബി.എസ്. കോളേജിൽ നടന്ന അക്രമം

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) 2015 മാർച്ച് മാസത്തിൽ കാസർഗോഡ് എൽ.ബി.എസ്. കോളേജിൽ ക്ലാസ് നടക്കവെ ക്ലാസിൽ കയറി എസ്.എഫ്.ഐ. പ്രവർത്തകരെയും അധ്യാപകരെയും ആക്രമിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ആരൊക്കെയാണ് പ്രതികൾ; സംഭവം നടന്നിട്ട് ഇതുവരെയായി എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ആദൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 145/15 u/s 143, 147, 148, 341, 324, 326, 307, 308 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. KSU, MSF എന്നീ സംഘടനകളിൽപ്പെട്ട തിരിച്ചറിഞ്ഞ 16 പ്രതികളും കണ്ടാലറിയാവുന്ന 5 ഓളം പ്രതികളും കേസിൽ ഉൾപ്പെട്ടിട്ടുള്ളതായി വെളിവായിട്ടുണ്ട്. ഇതിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ